## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ 4398/11/12/2023/TVm**

ഹർജികക്ഷി : ചിത്രകല.പി.കെ,തൃക്കേട്ട
പകൽക്കുറിപി.ഒ,തിരുവനന്തപുരം695604

എതിർകക്ഷി:

**ഉത്തരവ്തീയതി 05.10.2024**

31.05.2019 തീയതി പള്ളിക്കൽ സർക്കാർ ഹയർസെക്കൻററി സ്കൂളിൽ അധ്യാപികയായിരിക്കെ വിരമിച്ച പരാതികക്ഷിക്ക് പി.എഫ്.അക്കൗണ്ടിൽനിന്നും ലഭിക്കേണ്ട 1500/രൂപ നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും, സ്കൂളിൽനിയമനം ലഭിക്കുന്നതിനുമുമ്പ് പി.എസ്.സിയിൽ ആയിരുന്നു ജോലി ചെയ്തിരുന്നതെന്നും, അവിടെയുണ്ടായിരുന്ന പി.എഫ് അക്കൗണ്ടിലായിരുന്നു വിഹിതം അടച്ചുവന്നിരുന്നതെന്നും, 2005 ൽ ഇളവട്ടം യു.പി.എസിൽ ജോലി നോക്കിവരവെ 2005 ജൂൺ മാസത്തെ ശമ്പള ബില്ല് ട്രഷറിയിൽ കൊടുത്തപ്പോൾ അന്നത്തെ ട്രഷറി ജീവനക്കാർ അക്കൗണ്ട് നമ്പർ തെറ്റായി മാറ്റിയതിന്റെ ഫലമായിട്ടാണ് ആ മാസത്തെ തുക നഷ്ടമായതെന്നും, ഇതുസംബന്ധിച്ച് ട്രഷറി ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയിട്ട് നടപടി ഒന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ ട്രഷറി ഡയറക്ടർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇടവിളാകം യു.പി.എസ് ജീവനക്കാരുടെ 2005 ജൂൺ മാസത്തെ ശമ്പള ബില്ലിൽ ശ്രീമതി പി.കെ.ചിത്രകലയുടെ ജി.പി.എഫ് തുകയായ 1500/-രൂപ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ പ്രോവിഡൻറ് ഫണ്ടിലേയ്ക്ക് തെറ്റായി ബുക്ക് ചെയ്തതായും ശീർഷകത്തിൽ തെറ്റായി ബുക്ക് ചെയ്തിട്ടുള്ള 1,500/രൂപ തിരികെ ലഭിക്കുന്നതിനായി ഇടവിളാകം ജി.യു.പി എസിലെ പ്രഥമാധ്യാപകന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാതികക്ഷിയെ അറിയിച്ചിട്ടുണ്ടെന്നും, ടി സ്ഥാപനം മുഖേന ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അക്കൗണ്ട് ജനറലിന് തിരുത്തൽ പത്രിക നൽകുവാനുള്ള നിർദ്ദേശം കഴക്കൂട്ടം സബ് ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത 05.10.2024 തീയതി പരാതികക്ഷി റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിച്ചു. ട്രഷറി ഡയറക്ടറുടെ കത്ത് പ്രകാരം ഇടവിളാകം ജി.യു.പി എസിലെ

ഓഫീസർക്ക് കൊടുത്തിട്ടുള്ളതായി സ്കൂളിൽ നിന്നും അറിയാൻ കഴിഞ്ഞതായും എന്നാൽ നാളിതുവരെതുക ലഭിച്ചിട്ടില്ലായെന്നും പരാതികക്ഷി പറയുകയുണ്ടായി.

ഇനിയും സാങ്കേതിക കാരണം പറഞ്ഞ് പരാതികക്ഷിക്ക് അർഹതപ്പെട്ടതുക നിഷേധിക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ തുക എത്രയും വേഗം ഹർജികക്ഷിക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം കഴകൂട്ടം ട്രഷറി ഓഫീസർക്ക് നൽകേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതിതീർപ്പാക്കുന്നു.

ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമായി ഒരു ആക്ഷൺ ടേക്കൺ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്

ഉത്തരവിന്റെ പകർപ്പ് ട്രഷറി ഡയറക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരി പകർപ്പ്//

രജിസ്ട്രാർ